എം. സി. റോഡിനോടനുബന്ധിച്ചുള്ള വിപുലീകരണ പ്രവർത്തനങ്ങൾ

*7 [262] ശ്രീ. പി. കെ. അബ്ദുറബ്ബ്:
,, ടി. പി. എം. സാഹിർ:
,, കളത്തിൽ അബ്ദുള്ള:
,, കെ. എൻ. എ. ഖാദർ:
,, ഇ. ടി. മുഹമ്മദ് ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എം.സി. റോഡിന്റെ വീതി വർദ്ധിപ്പിക്കുകയും ഓടകൾ കെട്ടുകയും ചെയ്യുന്ന ജോലി ഇപ്പോൾ തിരുവനന്തപുരത്ത് നിന്നും എവിടെവരെ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) ഇതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ഏത് ഘട്ടം വരെയായി;

(സി) പ്രസ്തുത പണി എന്നത്തേയ്ക്ക് പൂർത്തിയാകും എന്നറിയിക്കാമോ;

(ഡി) ഇതിനുവേണ്ടി എന്ത് ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ):

(എ) രണ്ടു ഘട്ടങ്ങളിലായി തിരുവനന്തപുരം മുതൽ അങ്കമാലി വരെയുള്ള റോഡ് വികസിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ബി) തിരുവനന്തപുരം ജില്ലയിൽ, കഴക്കൂട്ടം മുതൽ തൈക്കോടുവരെയുള്ള ഒന്നാം ഘട്ടത്തിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(സി) 2005 നവംബർ മാസം.

(ഡി) ഏകദേശം 221 കോടി രൂപ.

സർക്കാർ സ്ക്കൂളുകളിൽ കമ്പ്യൂട്ടർ പഠനത്തിന് സംവിധാനം

*8 [263] ശ്രീ. ടി. കെ. ദേവകുമാർ:
,, ടി. കെ. ബാലൻ:
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ സ്ക്കൂളുകളിൽ ഇനിയും കമ്പ്യൂട്ടർ ലഭ്യമാക്കിയിട്ടില്ലാത്തവ ഏതെല്ലാമാണ്;

(ബി) ഓരോ സർക്കാർ സ്ക്കൂളിലും എത്ര കമ്പ്യൂട്ടറുകൾ വീതം ഉണ്ടാകണം എന്നത് സംബന്ധിച്ച് പൊതുമാനദണ്ഡം നിഷ്ക്കർഷിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പാഠ്യപദ്ധതിയിൽ കമ്പ്യൂട്ടർ പഠനം ഉൾപ്പെടുത്തുകയും ഇൻഫർമേഷൻ ടെക്നോളജിക്ക് പത്താം സ്റ്റാന്റേർഡിൽ അമ്പത് മാർക്ക് നിശ്ചയിച്ച് പരീക്ഷയും തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ കമ്പ്യൂട്ടർ പഠനത്തിന് പ്രസ്തുത സ്കൂളുകളിൽ എത്രയും വേഗം സംവിധാനം ഉണ്ടാക്കാനുള്ള എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ഡി) സർക്കാർ സ്കൂളുകളിൽ കമ്പ്യൂട്ടർ അദ്ധ്യാപകരെ നിശ്ചയിക്കുന്നതിന് അനുവർത്തിക്കുന്ന നടപടി എന്താണെന്ന് വിശദമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) 97 സർക്കാർ ഹൈസ്കൂളുകളിൽ കമ്പ്യൂട്ടറുകൾ ലഭ്യമായിട്ടില്ല. ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) ഇവയുടെ വിശദവിവരം ഇപ്രകാരമാണ്.

1. 8 ഡിവിഷനുള്ള ഹൈസ്കൂളുകളിൽ കുറഞ്ഞത് 5 കമ്പ്യൂട്ടറുകളും
2. 9 മുതൽ 17 വരെ ഡിവിഷനുള്ള സ്കൂളുകളിൽ 10 കമ്പ്യൂട്ടറുകളും
3. 18 മുതൽ 26 വരെ ഡിവിഷനുകളുള്ള സ്കൂളുകളിൽ 15 കമ്പ്യൂട്ടറുകളും
4. 27 മുതൽ 34 വരെ ഡിവിഷനുകളുള്ള സ്കൂളുകളിൽ 20 കമ്പ്യൂട്ടറുകളും ചുരുങ്ങിയതുണ്ടാകണം.

എസ്.എസ്.എൽ.സി. പ്രാക്ടിക്കലിനായി 10-ാം ക്ലാസ്സിൽ 250 വിദ്യാർത്ഥികൾക്കായി ഏറ്റവും കുറഞ്ഞത് 5 കമ്പ്യൂട്ടറും 250-ന് മുകളിൽ വിദ്യാർത്ഥികൾ ഉള്ള സ്ഥലത്ത് ഏറ്റവും കുറഞ്ഞത് 10 കമ്പ്യൂട്ടറുകളും ആവശ്യമാണ്.

(സി) സമയബന്ധിതമായി സർക്കാർ ഹൈസ്കൂളുകളിൽ കമ്പ്യൂട്ടർ വിതരണം ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഹൈസ്കൂളുകളിലെ തിരഞ്ഞെടുത്ത അദ്ധ്യാപകർക്ക് കമ്പ്യൂട്ടർ പരിശീലനം നൽകി 180 പേരെ മാസ്റ്റർ ട്രെയിനർമാരായി നിയമിച്ചിട്ടുണ്ട്. ഈ മാസ്റ്റർ ട്രെയിനേഴ്സ്, സ്കൂളുകളിലെ അദ്ധ്യാപകർക്ക് തിരഞ്ഞെടുത്ത പരിശീലന കേന്ദ്രങ്ങളിൽവെച്ച് പരിശീലനം നൽകിവരുന്നു. പി.റ്റി.എ.-യുടെ ചുമതലയിൽ ചില സ്കൂളുകളിൽ കമ്പ്യൂട്ടർ ഇൻസ്ട്രക്ടർമാരെ നിയമിച്ച് കുട്ടികൾക്ക് കമ്പ്യൂട്ടർ പരിശീലനം നടത്തിവരുന്നുണ്ട്. 27,903 അദ്ധ്യാപകർക്ക് ഇതിനോടകം കമ്പ്യൂട്ടർ പരിശീലനം നൽകിക്കഴിഞ്ഞിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly